**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2017-ൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകയ്ക്ക് പ്ലസ് ടു യോഗ്യതയിൽ നിന്ന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവരെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയ്ക്ക് പ്ലസ് ടു യോഗ്യതയിൽ നിന്ന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവരെ ഒഴിവാക്കിയത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. ആയത് പരിശോധിച്ച് സ്പെഷ്യൽ റൂൾസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകളിൽ (1) ജനറൽ- പ്ലസ് ടു-ൽ സയൻസ് വിഷയങ്ങളോട് കൂടി വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്നത് (1) ജനറൽ- പ്ലസ് ടു-ൽ വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്ന് ഭേദഗതി വരുത്തി സ.ഉ (കൈ) നം.11/2020/ആ.കു.വ തീയതി 25/01/2020 എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ പിന്നീട് മാറ്റം വരുത്തുന്നതാണെന്ന് ടി ഉത്തരവിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയ്ക്ക് പ്ലസ് ടു യോഗ്യതയിൽ നിന്ന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവരെ ഒഴിവാക്കിയത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. ആയത് പരിശോധിച്ച് സ്പെഷ്യൽ റൂൾസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകളിൽ (1) ജനറൽ- പ്ലസ് ടു-ൽ സയൻസ് വിഷയങ്ങളോട് കൂടി വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്നത് (1) ജനറൽ- പ്ലസ് ടു-ൽ വിജയം അല്ലെങ്കിൽ അംഗീകൃത |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്ന് ഭേദഗതി വരുത്തി സ.ഉ (കൈ) നം.11/2020/ആ.കു.വ തീയതി 25/01/2020 എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ പിന്നീട് മാറ്റം വരുത്തുന്നതാണെന്ന് ടി ഉത്തരവിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 12.01.2021-ന് പി.എസ്.സി. നടത്തിയ പരീക്ഷയിൽ പ്ലസ് ടു തലത്തിൽ സയൻസ് ഇതര വിഷയങ്ങൾ പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ